# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.5575 02/11/2016-ൽ മറുപടിക്ക്

**വൈദ്യുതപോസ്റ്റുകൾ സൗജന്യമായി നല്കാൻ നടപടി**

| | ചോദ്യം<br><br>**ശ്രീ.കെ.ഡി.പ്രസേനൻ** | | ഉത്തരം<br><br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | കാൻസർ രോഗികൾ, വികലാംഗർ, സൈനികരുടെ വീടുകൾ, കാർഷികാവശ്യങ്ങൾ എന്നിവയ്ക്ക് വൈദ്യുതി കണക്ഷൻ എടുക്കുമ്പോൾ വൈദ്യുത പോസ്റ്റുകൾ സൗജന്യമായിരുന്നത് ഒഴിവാക്കിയ സർക്കാർ ഉത്തരവ് എന്നാണ് നിലവിൽ വന്നത്; | (എ) | കാൻസർ രോഗികൾ, വികലാംഗർ, സൈനികരുടെ വീടുകൾ, കാർഷികാവശ്യങ്ങൾ എന്നിവയ്ക്ക് 28.10.2011 മുതൽ കണക്ഷൻ നൽകാനാവശ്യമായ ചിലവ് ഈടാക്കിവരുന്നു. |
| (ബി) | കഴിഞ്ഞ സർക്കാർ വേണ്ടെന്ന് വെച്ച ഇത്തരം ആനുകൂല്യങ്ങൾ പുന:സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | നിലവിലുള്ള നിയമപ്രകാരം (കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014)ഒരു പുതിയ വൈദ്യുതി കണക്ഷൻ നൽകുമ്പോൾ ആയതിനുള്ള ചിലവ് ഗുണഭോക്താവിൽ നിന്നും ഈടാക്കേണ്ടതുണ്ട്, അല്ലാത്തപക്ഷം റെഗുലേറ്ററി കമ്മീഷൻ മുൻകൂർ അനുവദിച്ച ഏതെങ്കിലും പദ്ധതിപ്രകാരമോ അല്ലെങ്കിൽ സർക്കാരിൽ നിന്നും മുൻകൂറായോ പ്രസ്തുത തുക ലൈസൻസിക്ക് ലഭിച്ചിരിക്കേണ്ടതാണ്. ഇതിനാൽ കാൻസർ രോഗികൾ,വികലാംഗർ, സൈനികരുടെ വീടുകൾ, കാർഷികാവശ്യങ്ങൾ എന്നിവയ്ക്ക് സൌജന്യ വൈദ്യുതി കണക്ഷനുകൾ എന്ന ആനുകൂല്യം പുനസ്ഥാപിക്കാൻ നിർവ്വാഹമില്ല. എന്നാൽ ഗ്രാമീണ മേഖലയിലെ ബി പി എൽ വിഭാഗത്തിൽപ്പെട്ടവർക്കെല്ലാം കേന്ദ്രാവിഷ്കൃത പദ്ധതിയായ ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമ ജ്യോതി യോജന (DDUGJY) യിൽ |

| | | | |
|---|---|---|---|
| | | | ഉൾപ്പെടുത്തി സൌജന്യ ഗാർഹിക കണക്ഷനുകൾ ബോർഡ് നല്കി വരുന്നുണ്ട്.മാർച്ച് 2017-ഓടു കൂടി കേരളത്തിലെ എല്ലാ വീടുകളും വൈദ്യുതീകരിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുള്ള സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി കേരളത്തിലെ എല്ലാ ബി പി എൽ ഗുണഭോക്താക്കൾക്കും സൌജന്യ വൈദ്യുതി കണക്ഷനുകൾ നല്കുവാൻ ലക്ഷ്യമിട്ടിട്ടുണ്ട് |
| (സി) | മേൽ സൂചിപ്പിക്കപ്പെട്ടവർക്ക് കാലവിളംബമില്ലാതെ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള പ്രത്യേക ഉത്തരവിറക്കാൻ തയ്യാറാകുമോ? | (സി) | വൈദ്യുത കണക്ഷൻ നൽകാൻ റഗുലേറ്ററി കമ്മീഷൻ നിശ്ചയിച്ച നിരക്കിൽ പണമടച്ച് അപേക്ഷിക്കുന്നവർക്ക് നിശ്ചിത സമയത്തിനുള്ളിൽ കണക്ഷൻ നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ